# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 514– 5/6/2018–ലെ മറുപടിക്ക്

## പതിനഞ്ചാം ധനകാര്യ കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ അടൂർ പ്രകാശ്<br>ശ്രീ എ.പി.അനിൽ കുമാർ<br>ശ്രീ അനൂപ് ജേക്കബ്<br>ശ്രീ ഹൈബി ഈഡൻ | ഡോ. ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| **ചോദ്യം** | **ഉത്തരം** |
| (എ) പതിനഞ്ചാം ധനകാര്യ കമ്മീഷന് സമർപ്പിക്കുവാനുള്ള നിവേദനത്തിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ടോ ; | പതിനഞ്ചാം ധനകാര്യ കമ്മീഷന് സമർപ്പിക്കുവാനുള്ള നിവേദനത്തിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) എന്തൊക്കെ ആവശ്യങ്ങളാണ് ധനകാര്യ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നത്; വിശദമാക്കുമോ; | ധനകാര്യ കമ്മീഷന് നല്കിയ നിവേദനത്തിലെ പ്രധാന നിർദ്ദേശങ്ങൾ / ശുപാർശകൾ താഴെ പറയുന്നവയാണ്.<br>• സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നല്കുന്ന കേന്ദ്ര നികുതിയുടെ വിഹിതം നിലവിലെ 42 ശതമാനത്തിൽ നിന്നും 50 ശതമാനം ആയി ഉയർത്തുക.<br>• സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഭജനത്തിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.<br>• ടേംസ് ഓഫ് റഫറൻസ് 8 നീക്കം ചെയ്യണമെന്നും ജനസംഖ്യക്ക് നൽകുന്ന വെയ്റ്റേജിന് സ്വീകരിക്കേണ്ട ഉചിതമായ മാനദണ്ഡം സംബന്ധിച്ച് തീരുമാനമെടുക്കുവാനുള്ള കൂടുതൽ ഫ്ളെക്സിബിലിറ്റി കമ്മീഷന് ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971 കാനേഷുമാരി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക് ജനസംഖ്യക്ക് തുല്യമായ വെയ്റ്റേജ് നല്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| | വരുമാന അന്തരത്തിനുള്ള വെയ്റ്റേജ് 50% ൽ നിന്നും 20% ആക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>മാനദണ്ഡം വെയിറ്റേജ്<br><br>ജനസംഖ്യ 2011 സെൻസസ് അടിസ്ഥാനമാക്കി - 30 %<br>ജനസംഖ്യാപരമായ നേട്ടം (1971-ലെ ജനസംഖ്യ അടിസ്ഥാനമാക്കി)- 30 %<br>വരുമാന അന്തരം - 20 %<br>വിസ്തീർണ്ണം- 10 %<br>വനമേഖല- 10 %<br><br>• പ്രത്യേക മേഖല ഗ്രാന്റുകൾ നൽകുവാൻ ധനകാര്യ കമ്മീഷൻ തീരുമാനിക്കുകയാണെങ്കിൽ ഭരണ ഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം സംസ്ഥാനത്തിന് ചുവടെ പറയുന്ന മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്<br>• തീരദ്ദേശപരിപാലനം - 1500 കോടി<br>• വന സംരക്ഷണം - 1000 കോടി<br>• മെച്ചപ്പെട്ട തൊഴിൽ ലഭ്യതക്കാവശ്യമായ നൈപുണ്യ വികസനം - 750 കോടി<br>• റബർ കർഷകർക്ക് ആശ്വാസം - 250 കോടി<br>• മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസം - 1500 കോടി<br>• റവന്യൂ കമ്മി ഗ്രാന്റ് തുടരേണ്ടതാണ്.<br>• 2011 ലെ സെൻസസ് അടിസ്ഥാനമാക്കി നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിലെ നിർദ്ദേശം പിൻവലിക്കുക.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 60% ബേസിക്ക് ഗ്രാന്റും 10% പെർഫോമൻസ് ഗ്രാന്റും , ബാക്കി 30% |

| | |
|---|---|
| | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥർ എന്നിവ അടിസ്ഥാനമാക്കി നൽകേണ്ടതാണ്. 10% പെർഫോമൻസ് ഗ്രാന്റ്, ഓഡിറ്റിംഗ്, അക്കൗണ്ടിംഗിലെ ഇ-ഗവേർണൻസ് നടപടികൾ, പരിസ്ഥിതി സൗഹാർദ്ദ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.<br>• ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ SDRF കോർപ്പസ് ഗണ്യമായി ഉയർത്തുകയും കേന്ദ്ര വിഹിതം 90% ആക്കുകയും ചെയ്യേണ്ടതാണ്. ഇതിൽ നിന്നും ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിബന്ധനകൾ ലളിതമാക്കേണ്ടതാണ്.<br>• സംസ്ഥാനത്തിന്റെ കടം എടുക്കുന്നതിനുള്ള പരിധി GSDP യുടെ 3 % നിലനിർത്തുകയും മറ്റ് നിബന്ധനകൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുക.<br>• തൊഴിൽ നികുതിയുടെ പരിധി ഉയർത്തുന്നതിന് ഭരണഘടന ഭേദഗതി ശുപാർശ ചെയ്യുക. |
| (സി) നികുതി വിഭജനം 2011 ലെ സെൻസസ് അടിസ്ഥാനമാക്കി നടത്തണമെന്നുള്ള നിർദ്ദേശം സംസ്ഥാനത്തിന് ദോഷകരമാണോ; എങ്കിൽ 1971-ലെ സെൻസസ് പ്രകാരം നികുതി വിഭജനം നടത്തണമെന്ന് സംസ്ഥാനം രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; | നികുതി വിഭജനം 2011 ലെ സെൻസസ് അടിസ്ഥാനമാക്കി നടത്തണമെന്നുള്ള നിർദ്ദേശം സംസ്ഥാനത്തിന് ദോഷകരമാണ്. 1971-ലെ സെൻസസ് പ്രകാരം നികുതി വിഭജനം നടത്തണമെന്ന് സംസ്ഥാനം രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തിന്റെ റവന്യൂ കമ്മി നികത്തുന്നതിന് ഗ്രാന്റ് നൽകുന്നതിനുള്ള വ്യവസ്ഥ പുനഃപരിശോധിക്കണമെന്ന നിർദ്ദേശം സംസ്ഥാനത്തെ എപ്രകാരമാണ് ബാധിക്കുകയെന്ന് വ്യക്തമാക്കുമോ; | സാമൂഹിക ആരോഗ്യരംഗങ്ങളിൽ കേരളം കൈവരിച്ച നേട്ടം നിലനിർത്തുന്നതിന് വൻതോതിൽ റവന്യൂ ചെലവ് ചെയ്യേണ്ടതുണ്ട്. റവന്യൂ കമ്മി ഗ്രാന്റ് നിർത്തലാക്കുകയാണെങ്കിൽ സംസ്ഥാനത്തിന്റെ വികസന മൂലധന ചെലവുകളെ ദോഷകരമായി ബാധിക്കും. |
| (ഇ) ധനകമ്മി 1.7 ശതമാനമായി നിജപ്പെടുത്തുവാനുള്ള നിർദ്ദേശം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്നും അതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ; | സംസ്ഥാനങ്ങൾക്ക് കടം എടുക്കുന്നതിന് കേന്ദ്ര സർക്കാർ നൽകി വരുന്ന അനുവാദത്തിന് നിബന്ധനകൾ ഏർപ്പെടുത്തുന്നത് പരിശോധിക്കുവാൻ ടേംസ് ഓഫ് റഫറൻസിൽ നിർദ്ദേശിക്കുന്നു. സംസ്ഥാനങ്ങൾക്ക് കടം എടുക്കുന്നതിനുള്ള പരിധി നിലവിൽ GSDP യുടെ |

| | |
|---|---|
| | 3 % ആണ്. ഇത് നിലനിർത്തണമെന്നും മറ്റ് നിബന്ധനകൾ ഏർപ്പെടുത്തരുതെന്നും നിവേദനത്തിലൂടെ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ